# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മുദാക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.12/1300/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/09/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുദാക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.12/1300/2024 തീയ്യതി: 11/09/2024

# തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത

രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2024 | 20-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2024 | 20-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി പ്രീത.എസ്.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ആർ. എസ്. പ്രദീപ് കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അൻവർ രാജ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചന്ദ്രബാബു.എ | പ്രസിഡന്റ് | 01-04-2023 | 21-02-2024 |
| ശ്രീ. പള്ളിയറ ശശി | പ്രസിഡന്റ് | 12-03-2024 | 31-03-2024 |
| ശ്രീമതി കെ. പി. അനില കുമാരി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജാസ്മി.വൈ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.അഖിൽ ഷൈൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 31-03-2024 |
| ഡോ.അമൃത.വി.എസ് | വെറ്റിറിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. വിനിത.എൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി. വസുന്ധരാദേവി.എൽ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.പ്രദീപ് കുമാർ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.മേരി ജെസ്സി ഡിക്രൂസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.സുബിൻ സുകുമാരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I | 01-04-2023 | 18-07-2023 |
| ശ്രീ.മഹേഷ്.എം.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I | 19-07-2023 | 31-03-2024 |
| ശ്രീമതി നജീമ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.പ്രഭുലാൽ.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 20-07-2023 |
| ശ്രീമതി ശ്രീജ.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-07-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രിക യ്ക്കാപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ചെലവ് വരവിനേക്കാൾ അധികമായിരിക്കുന്നു | 1-1-6 |
| 8 | കാലഹരണപ്പെട്ട സ്റ്റെയിൽ ചെക്ക് തുകകൾ വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-7 |
| 9 | കാലഹരണപ്പെട്ട പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-8 |
| 10 | പ്രത്യേക ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതി - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-10 |

| | | |
|---|---|---|
| 12 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-11 |
| 13 | മുൻകൂർ സമയബന്ധിതമായി ക്രമീകരിച്ചില്ല | 1-1-12 |
| 14 | സംയുക്ത പ്രോജക്ട്- മുനിസിപ്പൽ കോർപ്പറേഷൻ ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | സംയുക്ത പ്രോജക്ട് - വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | നിക്ഷേപ പ്രവൃത്തികൾ - വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-16 |
| 18 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി ആസൂത്രണം, നടത്തിപ്പ് | 1-5 |
| 24 | പെൻഷണറുടെ മരണശേഷവും സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യാതെ ആക്ടീവിലായിരിക്കുന്നു | 1-6-1 |
| 25 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-6 |
| 26 | പണം നീക്കിയിരിപ്പ് പരിശോധന | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-9 |

| | | |
|---|---|---|
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | ലേലം - കുടിശ്ശിക തുക -47214/- രൂപ | 1-11-1 |
| 31 | ലേലത്തുക അടവാക്കിയതിൽ കാലതാമസം - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് പിഴപലിശ ഈടാക്കി അടവാക്കി | 1-11-2 |
| 32 | ട്രേഡേഴ്സ് ലിസ്റ്റ് - കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-12 |
| 33 | ഒന്നിലധികം വീടുകൾക്ക് നികുതി ഇളവ് നൽകി | 1-13 |
| 34 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 1-14 |
| 35 | പൊളിച്ചുനീക്കിയ കെട്ടിടം, നികതി ഒഴിവാക്കിയതിലെ അപാകങ്ങൾ | 1-15 |
| 36 | വസ്തു നികുതി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല | 1-16 |
| 37 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല | 1-17 |
| 38 | വസ്തുനികുതി പരിഷ്കരണം 2023-24 – തുടർ നടപടി അനിവാര്യം | 1-18 |
| 39 | തനത് വരുമാനം - അവലോകനം | 1-19 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ | 1-20 |
| 41 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-21 |
| 42 | ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ഫൈൻ ഇനത്തിലുള്ള തുക അടച്ചു രസീതി ഹാജരാക്കി | 1-22 |
| 43 | ധനകാര്യകമ്മിഷൻ (ടൈഡ് ഫണ്ട്)ഉപയോഗിച്ച് സൗന്ദര്യവത്കരണം | 1-23 |
| 44 | ഐ.കെ.എം.മെമ്പർഷിപ്പ് ഫീസ്-കൈപ്പറ്റ് രസീത്/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-24 |

| | | |
|---|---|---|
| 45 | "നാം" ഫണ്ട് ഉപയോഗിച്ച് ഹോമിയോ ആശുപത്രിക്ക് നവീകരണ പ്രവർത്തനങ്ങൾ -പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-25 |
| 46 | ടേക്ക് എ ബ്രേക്ക് ശൗചാലയം പദ്ധതി -അവലോകനം | 1-26 |
| 47 | കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റ് നിർമ്മാണം പദ്ധതി : ചെലവ് രേഖകൾ ഹാജരാക്കിയില്ല 477724/- രൂപ തടസ്സം | 1-27 |
| 48 | ലാബ് റീഏജന്റുകൾ / മരുന്നുകൾ ലഭിച്ചിട്ടില്ല - 3,52,828/-രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 49 | സുരക്ഷ - ബ്ലോക്ക് വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. രൂപ 2,00,000/- | 1-29 |
| 50 | ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ - അദ്ധ്യാപികയ്ക്കും ആയയ്ക്കും വേതനം - നിയമന കരാർ പുതുക്കിയില്ല | 1-30 |
| 51 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം | 1-31 |
| 52 | ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധികം നൽകിയത് - രൂപ169225/- | 1-32 |
| 53 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല - 82,452/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 54 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - മുന്നൊരുക്കങ്ങൾ അനിവാര്യം | 1-34 |
| 55 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-35 |
| 56 | അങ്കണവാടികുളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ കേന്ദ്രവിഹിതം ചെലവഴിച്ചില്ല | 1-36 |
| 57 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്ക്കാളർഷിപ്പ് - പൂർണമായി തുക നൽകിയില്ല | 1-37 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ – വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.05.2024 ലെ 2(4)ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2024ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രിക യ്ക്കാപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐഎൽജിഎംഎസിൽ നിലവിൽ അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കുന്നതിനുള്ള ക്രമീകരണമില്ലാത്തതിനാലാണ് അവ വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിക്കാത്തതെന്ന് ഓഡിറ്റ് എൻകയറി (നമ്പർ 12/23-24, 12.07.2024)ക്ക് മറുപടി നൽകി. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-2 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐഎൽജിഎംഎസിൽ ആയത് ലഭ്യമല്ലാത്തതിനാലാണ്

അവ വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിക്കാത്തതെന്ന് ഓഡിറ്റ് എൻകയറി (നമ്പർ 12/23-24, 12.07.2024)ക്ക് മറുപടി നൽകി. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുന്ന മുറയ്ക്ക് ബി-1 ഷെഡ്യൂൾ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301157/31.03.2024 |
| 110100102 | Property Tax On Non Residential | 42301158/31.03.2024 |
| 110200101 | Profession Tax - Institutions | 42301149/31.03.2024 |
| 110200105 | Profession Tax - Traders | 42301147/31.03.2024 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി (നമ്പർ 12/23-24, 12.07.2024)ക്ക് അക്രുവൽ അടിസ്ഥാനത്തിൽ ചെയ്യേണ്ട വരുമാനങ്ങൾ വരും വർഷങ്ങളിൽ യഥാസമയം ഡിമാന്റ് ചെയ്യുന്നതാണെന്ന് മറുപടി നൽകി.

## 1-1-4 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻകമ്പയറി (നമ്പർ 12/23-24, 12.07.2024)ക്ക് സ്റ്റോക്ക് മൂല്ല്യ നിർണ്ണയം വാല്യുവേറ്റഡ് ആയി ചെയ്യുന്നതിനുള്ള സൌകര്യം നിലവിൽ ഐ എൽ ജി എം എസിൽ ലഭ്യമല്ല എന്നറിയിച്ചു. സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ILGMS-ൽ ഉള്ളതിനാൽ മേൽ മറുപടി പരിഗണനാർഹമല്ല. സ്റ്റോക്ക് മൂല്ല്യം കണക്കാക്കി തുക യഥാവിധി ഉൾപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ "Net Increase In Cash And Cash Equivalents” പ്രകാരമുള്ള (-)2293527/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 7115126/- തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻകമ്പയറി (നമ്പർ 12/23-24, 12.07.2024)ക്ക് ക്യാഷ് ഫ്ലോ സ്റ്റേറ്റ് മെന്റിലെ തുകകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് ഐകെഎംന് റിപ്പോർട്ട് ചെയ്ത് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

## 1-1-6 ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ചെലവ് വരവിനേക്കാൾ അധികമായിരിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 20,60,40,707/- രൂപയും, ചെലവ് തുക 20,66,54,588/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു. Gross Deficit Of Income Over Expenditure After Prior Period Items 5,35,268/-. എന്നാൽ I-19, I-18 ഷെഡ്യൂളുകൾ പ്രകാരമുള്ള തുകയായ -10105 + 88718 = 78613/- രൂപ ആകെ Expenditure-ൽ ഉൾപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ഡെഫിസിറ്റ് അക്കൗണ്ടാകാനുള്ള കാരണം 2023-24 ൽ ബജറ്റ് വിഹിതം പൊതു ആവശ്യ ഫണ്ട് മൂന്നാം ഗഡു ലഭിക്കാത്തതാണ് എന്നറിയിച്ചു.
(ഓഡിറ്റ് അന്വേഷണം നമ്പർ – 12/23-24, 12.07.2024).

## 1-1-7 കാലഹരണപ്പെട്ട സ്റ്റെയിൽ ചെക്ക് തുകകൾ വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ബി-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 1,56,078/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക വരുമാന ശീർഷകത്തിലോ അതത് ഫണ്ടുകളുടെ ശീർഷകത്തിലേക്കോ മാറ്റുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/23-24, 12.07.2024 ക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് തീരുമാനം ലഭ്യമാക്കി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. തുക വരുമാന ശീർഷകത്തിലേക്കോ അതത് ഫണ്ടുകളുടെ ശീർഷകത്തിലേക്കോ മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-8 കാലഹരണപ്പെട്ട പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല

1) Indian Overseas Bank ANOOPPARA( 78001000008798) അക്കൌണ്ടിന്റെ റികൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പരിശോധിച്ചതിൽ Cheques Issued But Not Presented Into Bank എന്ന ഹെഡ്ഡിൽ 733,054/- രൂപയുണ്ട്. ആയതിൽ 48561/- രൂപയുടെ ചെക്കുകൾ മുൻ വർഷങ്ങളിൽ വിതരണം ചെയ്തതാണ്. അവ നടപ്പു സാമ്പത്തിക വർഷത്തിൽ പണമാക്കുകയോ വാലിഡേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/ തീയതി | തുക |
|---|---|
| 442084/19-10-2020 | 410 |
| 437689/ 23-04-2020 | 2000 |
| 442595/11-02-2021 | 1006 |
| 442747/26-03-2021 | 5460 |
| 442787/03-05-2021 | 8045 |
| 445035 /16-06-2021 | 400 |
| 444244/ 05-10-2021 | 15170 |
| 139106/ 31-03-2022 | 900 |

| | |
|---|---|
| 444244/05-10-2021 | 15170 |
| ആകെ | 48561 |

2) Sub Treasury Attingal (799013000000612) അക്കൌണ്ടിന്റെ റികൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പരിശോധിച്ചതിൽ Cheques Issued But Not Presented Into Bank എന്ന ഹെഡ്ഡിൽ 209,434/- രൂപയുണ്ട്. ആയതിൽ 17714/- രൂപയുടെ ചെക്കുകൾ മുൻ വർഷങ്ങളിൽ വിതരണം ചെയ്തതാണ്. അവ നടപ്പു സാമ്പത്തിക വർഷത്തിൽ പണമാക്കുകയോ വാലിഡേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/ തീയതി | തുക |
|---|---|
| 5091489/09-07-2021 | 2,342 |
| 5091489/09-07-2021 | 971 |
| 5091472/27-04-2021 | 6,412 |
| 5091489/ 09-07-2021 | 832 |
| ആകെ | 10557 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. സൂക്ഷ്മ പരിശോധന നടത്തി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് തീരുമാനം ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻകയറി (നമ്പർ 12/23-24, 12.07.2024)ക്ക് മറുപടി നൽകി. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-9 പ്രത്യേക ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ 31/3/24 ലെ നീക്കിയിരിപ്പും അവയുടെ ബാങ്ക് അക്കൌണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി-4 പ്രകാരം | ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം |
|---|---|---|---|---|
| 1. | 320100197 | Literacy Scheme Grant | 65372 | 0 |

പറ്റ ലിഖ്ന അഭിയാനു വേണ്ടി 12.04.2022 ൽ 65372/- ചെലവഴിച്ചത് യഥാസമയം രേഖപ്പെടുത്താത്തതിനാലാണ് ബി-4 ഷെഡ്യൂളിൽ ബാലൻസ് നിലനിൽക്കുന്നതെന്ന് ഓഡിറ്റ് എൻകൃയറി (നമ്പർ 12/23-24, 12.07.2024)ന് മറുപടി നൽകി. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-10 തൊഴിലുറപ്പ് പദ്ധതി - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

| ഇനം | മുന്നിരിപ്പ് | വരവ്(RP-30) | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP 40 B പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1098000 | 1098000 | 634450(I-14 F)<br>1093280(Cash Book) | 4720 | 463550 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 52089000 | 52089000 | 52089000 | - | |
| ആകെ | 0 | 53187000 | 53187000 | 52723450 | 4720 | |

Income And Expenditure I-6 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ തൻവർഷത്തെ ആകെ വരവ് തുക 5,31,82,280/- രൂപയാണ്. എന്നാൽ I-14 (C) + I-14(F) പ്രകാരമുള്ള ആകെ തുക 5,27,23,450/- രൂപയാണ്. ഇവ തമ്മിൽ 4,58,830/-രൂപയുടെ വ്യത്യാസം കാണുന്നു.

Receipt & Payment അക്കൗണ്ട് പ്രകാരം RP 40 A (മുന്നിരിപ്പ്) + RP-30 (വരവ്) - I-14(F) (ഭരണ ചെലവുകൾ) = നീക്കിയിരിപ്പ് 463550/- രൂപ. എന്നാൽ ക്യാഷ് ബുക്ക്, RP 40 (B) പ്രകാരം നീക്കിയിരിപ്പ് 4720/- രൂപ മാത്രമാണ്. മുൻ വർഷങ്ങളിലെ ബാലൻസ് തുക തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിച്ച്

അപാകത പരിഹരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻകൗയറി (നമ്പർ 12/23-24, 12.07.2024)ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-11 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1230200008/03-04-2023 | 20,040. | 140500209/Restoration Charges |

ഫ്രണ്ട് ഓഫീസിൽ തെറ്റായ ഹെഡിൽ വരവെടുത്തതിനാൽ സംഭവിച്ച അപാകതയാണെന്നും വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കാമെന്നും ഓഡിറ്റ് എൻകൗയറി (31/23-24, 20.07.2024) യുടെ മറുപടിയിൽ അറിയിച്ചു.

## 1-1-12 മുൻകൂർ സമയബന്ധിതമായി ക്രമീകരിച്ചില്ല

വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം Festival Advance ഇനത്തിൽ 83400/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 62400/- രൂപയാണ് ഈ ഇനത്തിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. ഇത്തരത്തിൽ തുകയിൽ വ്യത്യാസം വരാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറി (31/23-24, 20.07.2024) യ്ക്ക് രജിസ്റ്ററിൽ ഏപ്രിൽ മാസത്തെ തുക കൂടി ഉൾപ്പെട്ടതിനാലാണ് വ്യത്യാസം വന്നതെന്നും കൂടാതെ പ്രസ്തുത തുക ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ച് വരുന്നതായും മറുപടിയിൽ അറിയിച്ചു. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-13 സംയുക്ത പ്രോജക്ട്- മുനിസിപ്പൽ കോർപ്പറേഷൻ ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക RP 30 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ പ്രോജക്ട് മുനിസിപ്പൽ കോർപ്പറേഷൻ എന്ന ഹെഡിൽ 5125000/- രൂപ വരവുണ്ട്. ചെലവ് ലെഡ്ജർ (320700202) പ്രകാരം 5010000/- രൂപ, സുലേഖ ചെലവ് പത്രിക പ്രകാരം 8051167/- രൂപയുടെ ചെലവുണ്ട്. വിശദാംശം ചുവടെ

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് RP 30 പ്രകാരം | ആകെ | ചെലവ് ലെഡ്ജർ 320700202 പ്രകാരം | സുലേഖ പ്രകാരം ചെലവ് | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ പ്രകാരം ) |
|---|---|---|---|---|---|---|---|
| 160300105& 320700202 | Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporations | 4200000 | 5125000 | 9325000 | 3065958 + 1944042 = 5010000 | 8051167 | 4315000 |

ഇത്തരത്തിൽ ചെലവ് തുക, നീക്കിയിരിപ്പ് എന്നിവയിൽ വ്യത്യാസം വരാനിടയായ സാഹചര്യം സംബന്ധിച്ച് ഓഡിറ്റ് എൻകൂയറി (31/23-24, 20.07.2024) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതും ആയത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 സംയുക്ത പ്രോജക്ട് - വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

A F S പ്രകാരം സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ഹെഡ് കോഡ് | ഇനം | 2023-24 വർഷത്തെ നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| | | (B4 ഷെഡ്യൂൾ പ്രകാരം) |
| 320700204 | Joint Venture - Revenue Expenditure -Block Panchayath | 2483208 |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 1392521 |
| | ആകെ - | 3875729 |

സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൌണ്ട് 79901140000313 5ലെ 31.03.2024 ലെ നീക്കിയിരിപ്പ് 0 ആണ്. 5242675/- രൂപ പ്രസ്തുത അക്കൌണ്ടിൽ നിന്നും റിഡംപ്ഷൻ തുകയായി 2023-24 വർഷം പിൻവലിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 3875729/- നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ഇത്തരത്തിൽ നീക്കിയിരിപ്പിൽ വ്യത്യാസം വരാനിടയായ സാഹചര്യം ഓഡിറ്റ് എൻകൃയറി (31/23-24, 20.07.2024) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതും ആയത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-15 നിക്ഷേപ പ്രവൃത്തികൾ - വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

നിക്ഷേപ പ്രവൃത്തികൾ - വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| | മുന്നിരിപ്പ് | 2023-24 വർഷത്തെ നിക്ഷേപം (സുലേഖ ചെലവ് പത്രിക പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 8748977 | 4345400 | 13094377 | - | 13094377 | 11249977 |

സുലേഖ ചെലവ് പത്രിക പ്രകാരം 5001000 രൂപ തൻവർഷം പൈപ്പ് ലൈൻ എക്സ്റ്റൻഷനായി കേരള വാട്ടർ അതോറിറ്റിക്ക് പ്രോജക്ട് നമ്പർ S0214/2024 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ 2501000/- രൂപ മാത്രമേ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളു. കൂടാതെ പ്രോജക്ട് നമ്പർ S0273/2024 പ്രകാരം 1844400/- രൂപ പൊതു ടാപ്പുകളുടെ വിച്ഛേദനത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകി. പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-16 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

1) 2022-23 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2023-24 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100102 | Suppliers' Earnest Money Deposit | 3132 |
| 340100201 | Contractor's Security Deposit | 164910 |
| 340100202 | Suppliers' Security Deposit | 22000 |
| 340100203 | Bidders' Security Deposit | 2340 |
| 340100303 | Election Deposit | 74500 |
| 340200199 | Other Deposits | 5000 |
| 340800101 | Deposit Received From Others | 3000 |
| 340200102 | Auction Deposit | 9300 |
| 340200103 | Water Connection - Deposit | 90000 |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിലധികമായി ക്രമീകരിക്കാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോ സിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിശദാംശം ലഭ്യമാക്കേണ്ടതാണ്. അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻകൃയറി (നമ്പർ 12/23-24, 12.07.2024)ക്ക് മറുപടി നൽകി. വർഷത്തിലധികമായി

ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾക്ക് അടങ്കൽ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ തുക ഉൾപ്പെടുത്താത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി(31/23-24 , 20.07.2024) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതും ആയത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2-1 ബജറ്റ് അപാകങ്ങൾ

1. ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ ഖ.3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി (നം -18 /2023-24, 17.07.2024) ക്ക് 2024-25 വർഷം ഇത്തരത്തിൽ ഫയൽ സൂക്ഷിച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിലും പിഴവുകളൊഴിവാക്കി ബജറ്റ് ഫയൽ സമ്പൂർണമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബജറ്റ് തയ്യാറാക്കേണ്ടതാണ്.

2) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാനുവലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാനുവൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം

തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാനവൽ ഖണ്ഡിക 4-4(Iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി (നം-18/2023-24, 17.07.2024) ക്ക് തുടർ വർഷങ്ങളിൽ പ്രതിമാസ അവലോകന രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി.

മേൽ വിവരിച്ച മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാനവൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2023-24 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി (നം -18 /2023-24, 17.07.2024) ക്ക് തുടർ വർഷങ്ങളിൽ വാർഷിക അവലോകന രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനവൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും ഭാവിയിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരീക്കുകയും വേണം(214(5)). അത്തരത്തിൽ

സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻകവയറി (നം -18 /2023-24, 17.07.2024) ക്ക് മറുപടി നൽകി.

4. 2023-24ലെ പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കുറവായി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 4228700 | 4571079 |
| 2 | 1102001 | തൊഴിൽ നികുതി | 1217500 | 1363480 |
| 3 | 1303001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 131400 | 163655 |

വരും വർഷങ്ങളിൽ വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കുറവായി ഉൾപ്പെട്ട പിഴവുകളൊഴിവാക്കി പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻകവയറി (നം-18 /2023-24, 17.07.2024) ക്ക് മറുപടി നൽകി. യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 27.03.2023 | 02.02.2024 |
| ഭരണസമിതി തീരുമാനം | 1/1 | 1/1 |
| മുന്നിരിപ്പ് | 115898756 | 89388172 |
| പ്രതീക്ഷിത വരവ് | 258652800 | 328447600 |
| പ്രതീക്ഷിത ചെലവ് | 318570960 | 334783478 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 55980596 | 83052294 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 40218412 |
| വരവ് | 59605230 |
| ആകെ | 99823642 |
| ആകെ ചെലവ് | 61898757 |
| നീക്കിയിരിപ്പ് | 37924885 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 20-21 സാമ്പത്തിക വർഷം മുതൽ അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.4.1(4) (I) (Ii) (Iv) എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് (എസ് സി പി), മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം, എന്നിവ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

| ഫണ്ടിനം | അനുവദിച്ച തുക₹ | ചെലവ് തുക₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 26496000 | 20307057 | 76.64 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ് സി പി) | 16315000 | 10266035 | 62.92 |

വികസന ഫണ്ട് ജനറൽ ഇനത്തിൽ 76.64%, വികസന ഫണ്ട് (എസ് സി പി) ഇനത്തിൽ 62.92 % എന്നിങ്ങനെയാണ് ചെലവ് ശതമാനം. പരമാവധി 20% വരെ ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. എന്നാൽ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് (എസ് സി പി) എന്നിവയിൽ യഥാക്രമം 3.36%, 17.08% എന്നിങ്ങനെ തുക വരുംവർഷത്തിൽ ലാപ്സാകും. ഇത്തരത്തിൽ അനുവദിച്ച തുകയുടെ വിനിയോഗശതമാനം കുറയാനുണ്ടായ സാഹചര്യം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൂയറി (നമ്പർ 28/2023-24 20.07.2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി ചെലവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.4.1(4) പ്രകാരം പട്ടികജാതി ഉപ പദ്ധതി വിഹിതത്തിൽ വിനിയോഗ ശതമാനം 80 % ൽ കുറവാണെങ്കിൽ 20% സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തുന്നതായിരിക്കും. ഇത്തരത്തിൽ 17.08% 2024-25 വർഷം പൊതു വിഭാഗം സാധാരണ വിഹിതത്തിൽ കുറവുണ്ടാകും.

3) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| **മേഖല** | **വിഭാഗം** | **അടങ്കൽ ( മറ്റുള്ളവ ഒഴികെ)** | **ചെലവ് ( മറ്റുള്ളവ ഒഴികെ)** | **ചെലവ് %** |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 8660150 | 4302152 | 49.67 |
| **സേവനം** | പൊതുവിഭാഗം | 58940512 | 27133359 | 46.03 |
| | പട്ടിക ജാതി | 24022416 | 9628588 | 40.08 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 24599016 | 11516531 | 46.81 |

| | | | | |
|---|---|---|---|---|
| | പട്ടിക ജാതി | 6635500 | 3886119 | 58.56 |

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 മേൽ ഉത്തരവ് ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാഘടക പദ്ധതിക്ക് വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുകയേക്കാൾ വകയിരുത്തിയെങ്കിലും, വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ നിയമാനുസൃതം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നമ്പർ 28 /2023-24 20.07.2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി ചെലവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| വിഭാഗം | വകയിരുത്തേണ്ട കുറഞ്ഞ തുക | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 3751180 | 4382680 | 1171450 | 26.71 |

5. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100181 | Total Sanitation Campaign | 310000 |
| 320100197 | Literacy Scheme Grant | 65372 |
| 320100198 | Grant From Suchitwa Mission | 392676 |
| 320100999 | Other Liabilities | 192741 |

| | | |
|---|---|---|
| 320200399 | Grants, Funds & Contributions For Specific Purposes – Other Than Dvlpt Fund And St Scheme Funds Other Funds | 300000 |
| 320300103 | Grants, Funds & Contributions For Specific Purposes – Other Governmental Agencies - Total Sanitation | 3796042 |
| 320300199 | Grants, Funds & Contributions For Specific Purposes – Other Governmental Agencies | 743208 |
| 320400199 | Grants, Funds & Contributions For Specific Purposes – Other Financial Institutions | 24942 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayaths | 2483208 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayaths | 1392521 |
| 320700404 | Contributions For Specific Purposes (For Revenue Expenditure) - From Block Panchayaths | 600000 |

മേൽ തുകകൾ അടിയന്തിരമായി ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരികെ ഒടുക്കേണ്ടതാണ്.

6) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 239,376/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവർത്തികൾക്കായി ലഭിച്ചതാണെന്നും ആയത് ചെലവഴിക്കാത്തതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നമ്പർ 28 /2023-24 20.07.2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് വ്യക്തത വരുത്തി തുക യഥാവിധി ഉപയോഗിക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23438667 | 23438667 | 20307057 | 3131610 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16010584 | 16010584 | 10266035 | 5744549 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 3290500 | 3290500 | 734791 | 2555709 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4387000 | 4387000 | 5370624 | -983624 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8072650 | 8072650 | 4601405 | 3471245 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3819400 | 3819400 | 31763562 | 643038 |
| CSS | 0 | 0 | 0 | 662059 | -662059 |
| SSS | 0 | 0 | 0 | 310000 | -310000 |

## 1-5 പദ്ധതി ആസൂത്രണം, നടത്തിപ്പ്

1. 2023-'24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണ.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 20,24,000 | 19,03,086 | 94.0 |
| വെറ്ററിനറി സർജൻ | 5 | 3 | 2 | 36,79,250 | 3,77,229 | 10.25 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | 13 | 12 | 1 | 80,10,243 | 69,12,663 | 86.29 |
| ഹോമിയോ | 2 | 2 | 0 | 1,75,000 | 1,50,000 | 85.71 |
| മെഡിക്കൽ ഓഫീസർ | 3 | 3 | 0 | 11,12,000 | 6,17,000 | 55.48 |

| | | | | | | |
|---|---|---|---|---|---|---|
| ആയൂർവേദം | | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 10 | 12 | 3,73,37,816 | 82,77,350 | 22.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 2 | 95,26,130 | 67,39,330 | 70.74 |
| സെക്രട്ടറി | 45 | 34 | 11 | 1,87,60,271 | 1,78,91,259 | 80.87 |
| ഹെഡ്മാസ്റ്റർ ഗവ. എൽ.പി.സ്കൂൾ | 2 | 2 | 0 | 6,00,000 | 5,00,000 | 83.33 |
| അസി. എഞ്ചിനീയർ | 69 | 38 | 31 | 3,49,48,858 | 1,71,15,968 | 48.97 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 07 | 06 | 85,12,030 | 44,51,044 | 52.29 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 30,66,900 | 22,76,182 | 74.21 |

2. ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 3,27,29,141 | 2,03,07,057 | 62.04 |
| എസ്.സി.പി. | 1,80,56,916 | 1,02,66,035 | 56.86 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 15582984 | 6105415 | 39 |
| ഹെൽത്ത് ഗ്രാന്റ് | 1755653 | 1402375 | 79.8 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 35,19,000 | 6,62,059 | 18.80 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 5,69,440 | 3,10,000 | 54.4 |
| തനത് ഫണ്ട് | 1,26,92,608 | 79,75,817 | 62.80 |
| ബ്ലോക്ക്പഞ്ചായത്ത് | 47,91,250 | 18,41,279 | 38.40 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 52,90,750 | 12,21,320 | 23.10 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 73,00,986 | 31,76,362 | 43.50 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 16114000 | 4601405 | 28.5 |
| മറ്റുള്ളവ | 26278185 | 9341987 | 35 |
| ആകെ | 302660779 | 65808735 | 21.74 |

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 ത.സ്വ.ഭ.വ. തീയതി 19.04.2022, 3.1.1. പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് – അവലോകനം

വർക്കിംഗ് ഗ്രൂപ്പുകൾ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക എന്നിവ നടപ്പിലാക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നില്ല. വർക്കിംഗ് കമ്മിറ്റി മിനിട്സുകൾ യഥാവിധി പരിപാലിക്കുന്നില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ നല്കുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നില്ല. കൃഷി, വിദ്യാഭ്യാസം കുടിവെള്ളം ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രാധാന്യമേറിയ പ്രോജക്ട് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് കമ്മിറ്റി മിനിട്സ് (പട്ടികജാതി വികസനം ) എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വർക്കിംഗ് കമ്മിറ്റി മിനിട്സ് (ആരോഗ്യം) മിനിട്സ് എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൺവീനർ ഒപ്പ് വച്ച്

ആധികാരികമാക്കിയിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം, ചെറുകിട വ്യവസായം, സൂക്ഷ്മസംരഭങ്ങൾ, പൊതുമരാമത്ത്, സഹകരണം വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം, കുടിവെള്ളം, ശുചിത്വം എന്നീ വർക്കിംഗ് കമ്മിറ്റി മിനിട്സുകൾ കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല.
(ഓഡിറ്റ് എൻകയറി നം. 1/2023-24)

## 1-6-1 പെൻഷണറുടെ മരണശേഷവും സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യാതെ ആക്ടീവിലായിരിക്കുന്നു.

പെൻഷണറുടെ മരണ ശേഷവും സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ്, സസ്പെൻഡ് ചെയ്യാതെ ആക്ടീവിലായിരിക്കുന്നു. സേവനയിലെ വിവരങ്ങൾ പ്രകാരം, വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ പെൻഷണറുടെ മരണശേഷവും ബാങ്കിൽ നിക്ഷേപിച്ചതായി കാണുന്നു. പെൻഷനറുടെ മരണശേഷവും ബാങ്കിലേക്ക് തുക ക്രഡിറ്റ് ചെയ്ത ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പേര്/പെൻഷൻ ഐ.ഡി. | പെൻഷൻ | പ്രതിമാസ പെൻഷൻ തുക | മരണം | സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | പങ്കജാക്ഷൻ നായർ വി 102450202051 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 15.05.2023 | ആക്ടീവ് |
| 2 | സി സുധാകരൻ 102450205369 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 08.05.2023 | ആക്ടീവ് |
| 3 | ബേബി വി 261108879966 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 16.07.2023 | ആക്ടീവ് |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(14/2024, 15.07.2024) മറുപടിയായി ടിയാളുകളുടെ മരണശേഷം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുക തിരികെ അടയ്പ്പിക്കുന്നതിനുള്ള നിർദ്ദേശം ബാങ്കിന് നൽകിയെന്നാണ് അറിയിച്ചത്. മരണ ശേഷം പെൻഷൻ അനുവദിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യവകുപ്പിന്റെ 08.03.23 ലെ 23/2023/ധനനമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4125800 | 346 |
| വിധവാപെൻഷൻ | 21099600 | 2117 |
| വാർദ്ധക്യകാല പെൻഷൻ | 40816700 | 4042 |
| വികലാംഗ പെൻഷൻ | 5700200 | 516 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 578800 | 53 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 18.07.2024 തീയതിയിൽ 03:30 മണിക്ക് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,205/- രൂപയുടെ (മുപ്പതിനായിരത്തി ഇരുന്നൂറ്റി അഞ്ച് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ പത്രിക ലഭ്യമാക്കേണ്ടതും ബാലൻസ് തുക തിരികെ ഈടാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതുമാണ്.
2. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിഷയങ്ങളുടേയും സ്ഥിതി വിവര കണക്കുകളുടേയും കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

3. നികുതി വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടില്ല.
4. വിവിധ തരത്തിലുള്ള വാങ്ങലുകൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ സ്പെസിഫിക്കേഷൻ സഹിതം ക്വട്ടേഷൻ/ടെണ്ടർ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
5. പദ്ധതി വിഹിത വിനിയോഗം വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകേണ്ടതുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (RP- 30) | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP-40b പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1098000 | 1098000 | 634450 (I-14 F)<br>1093280 (Cash Book) | 4720 | 463550 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 52089000 | 52089000 | 52089000 | - | |
| ആകെ | 0 | 53187000 | 53187000 | 52723450 | 4720 | |

അപാകം സംബന്ധിച്ച് ഖണ്ഡിക 1-1-11 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.05.2022 | 06/2021 മുതൽ 03/2022വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.05.2018 | 2013-14 മുതൽ 2017-18 വരെ | 28.06.2018 |

## 1-11-1 ലേലം - കുടിശ്ശിക തുക -47214/- രൂപ

ലേല രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ എന്നിവ പ്രകാരം ലേലം ഇനത്തിൽ മുൻ വർഷത്തെ കുടിശ്ശികയായ 47214/- രൂപ 2023-24 വർഷത്തിലും പിരിച്ചെടുത്തിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻകൃയറി (നം 13/2023-24, 15.07.2024) മുഖേന ആവശ്യപ്പെട്ടതിന് പ്രസ്തുത തുക ഈടാക്കുന്നതിനായി 31.03.2023 ന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചു. റവന്യു റിക്കവറിയുടെ തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതും തുക ഈടാക്കുന്നപക്ഷം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-2 ലേലത്തുക അടവാക്കിയതിൽ കാലതാമസം - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് പിഴപലിശ ഈടാക്കി അടവാക്കി

മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 13.02.2023 ലെ എ21228/2022ാം നമ്പർ ലേലപരസ്യത്തിലെ വ്യവസ്ഥകൾ പ്രകാരം ലേലത്തുക തവണകളായി അനുവദിക്കണമെങ്കിൽ ലേലത്തുകയുടെ ഇരട്ടി ത്തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് താലൂക്കാഫീസിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്നും ലേലത്തുകയ്ക്ക് തവണ അനുവദിക്കുകയാണെങ്കിൽ അഡ്വാൻസ് കഴിച്ച് ആദ്യ ഗഡു 30.06.2023നും രണ്ടാം ഗഡു 31.12.2023 ന് മുൻപായും ഒടുക്കേണ്ടതാണെന്നും മേൽനിശ്ചയിച്ച തീയതിക്ക് ശേഷം ഒടുക്കുന്ന തുകയ്ക്ക് 18.5% പിഴ പലിശ കൂടി അടവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. അയിലം പബ്ലിക്ക് മാർക്കറ്റ്, ഊരുപൊയ്ക പബ്ലിക് മാർക്കറ്റ് എന്നിവിടങ്ങളിലെ പ്രവേശന ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകിയതിൽ യഥാക്രമം 05.10.2023, 07.02.2024, 29.11.2023, 12.02.2024 എന്നിങ്ങനെയാണ് രണ്ടും മൂന്നും തവണകൾ ഒടുക്കിയിട്ടുള്ളത്. അയിലം പബ്ലിക്ക് മാർക്കറ്റ് ലേലം കൊണ്ട ശ്രീ ഗോപാലകൃഷ്ണൻ അക്കരവിള വീട്, അയിലം; ഊരുപൊയ്ക പബ്ലിക് മാർക്കറ്റ് ലേലം കൊണ്ട ശ്രീ മധു, ശ്രീരാജ് ഭവൻ വലിയ കട്ടയ്ക്കാൽ വെഞ്ഞാറമൂട് എന്നിവരിൽ നിന്നും തുക ഒടുക്കുവാൻ വൈകിയതിന് പിഴപലിശ ഈടാക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നം 13/2023-24, 15.07.2024)യുടെ അടിസ്ഥാനത്തിൽ യഥാക്രമം 1453/- രൂപ, 1782/- രൂപ എന്നിങ്ങനെ പിഴ പലിശ ഇനത്തിലെ തുക 18.07.2024 ന് അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കിയിട്ടുണ്ടെങ്കിലും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് - കാലികമാക്കി സൂക്ഷിക്കുന്നില്ല

2023-24 വർഷം ലൈസൻസ് നൽകിയത് 379 സ്ഥാപനങ്ങൾക്കാണ്. 2022-23ൽ 432 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 2023-24 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻ വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പരിധിയിലെ 234 സ്ഥാപനങ്ങളാണുൾപ്പെട്ടിട്ടുള്ളത്. എല്ലാ വർഷവും പുതിയതായി ആരംഭിച്ച സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി, വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി, ഡി.സി.ബി. പത്രിക തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം 37/2023-24, 22.07.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഇല്ലാതെ വ്യാപാര / വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ട ലൈസൻസ് ഫീ തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## 1-13 ഒന്നിലധികം വീടുകൾക്ക് നികുതി ഇളവ് നൽകി

സ.ഉ(എം.എസ്)നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡ് മാത്രം പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|
| മൻസൂർ (ബിസ്മിമൻസിൽ, വാളക്കാട്, ഇളമ്പ) | 7/429, 7/430 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറി നം 36/2023-24, 22.07.2024ക്ക് മറുപടി ലഭ്യമാക്കിയില്ല. ഇളവിന് അർഹതയില്ലാത്ത കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് നികുതി ഈടാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

എന്നാൽ മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ കരാർ ജോലികൾ

നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നാളിതു വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ രജിസ്റ്റർ തയ്യാറാക്കി എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻകയറി (നം 22/ 2023-24, 18.07.2024) മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

## 1-15 പൊളിച്ചുനീക്കിയ കെട്ടിടം, നികതി ഒഴിവാക്കിയതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| അപേക്ഷ തീയതി | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| 24/11/2019 | 8/217 | രാമകൃഷ്ണൻ | പാർപ്പിടാവശ്യം | 63 | 2013 First Half | 63 |
| 20/03/2023 | 18/585 | സുശീല അമ്മ | പാർപ്പിടാവശ്യം | 8 | 2022 First Half | 370 |
| 11/03/2024 | 18/300 | രാധാകൃഷ്ണൻനായർ | ഷോപ്പുകൾ | 14 | 2023 First Half | 66 |
| 11/03/2024 | 18/295 | രാധാകൃഷ്ണൻനായർ | ഷോപ്പുകൾ | 14 | 2023 First Half | 193 |

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 36/2023-24, 22.07.2024ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ 1, 2, 3 വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട. നം | പേര് /വിലാസം | നികുതി |
|---|---|---|---|
| 1 | 1/80/UA | കൃഷ്ണമ്മ | 489 |
| 2 | 1/86/UA | വസന്തകുമാരി. റ്റി | 678 |
| 3 | 2/84/UA | ഷിജി. എസ്. എസ് | 133 |
| 4 | 3/72/UA | ലീല | കണക്കാക്കിയിട്ടില്ല |
| 5 | 3/81/UA | രമേശൻ.കെ | 344 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറി നം. 36/2023-24, 22.07.2024ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 6-ലെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 6/667 | ചന്ദ്രശേഖരൻ നായർ (മുള്ളു കാട് പുത്തൻ വീട്, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (70ച മീ) |
| 2 | 6/636 | റ്റി. രാജഗോപാൽ, ജി. കമല (താരഭവൻ, പൊയ്ക്കമുക്ക്) | പാർപ്പിടാവശ്യം | താഴത്തെ നില (90ച മീ) |
| 3 | 613 | ജി. ദശകുമാരക്കുറുപ്പ് (ഗോകുലം,പൊയ്ക്കമുക്ക് ) | പാർപ്പിടാവശ്യം | താഴത്തെ നില (72ച മീ) |

| | | | | |
|---|---|---|---|---|
| 4 | 6/584 | സരസ്വതി അമ്മ (വാര്യംകോണം, പൊയ്ക്കമുക്ക്) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 5 | 6/568 | രാമചന്ദ്രൻ പിള്ള (വലിയാനൂർ, ഇളമ്പ ) | പാർപ്പിടാവശ്യം | താഴത്തെ നില (70ച മീ) |
| 6 | 6/560 | ഗോപിനാഥനാശാരി (ലക്ഷ്മി ഭവൻ, ഇളമ്പ ) | പാർപ്പിടാവശ്യം | താഴത്തെ നില (65ച മീ) |
| 7 | 6/555 | അശോകൻ നായർ (നിജ ഭവൻ, ഇളമ്പ ) | പാർപ്പിടാവശ്യം | താഴത്തെ നില (84ച മീ) |
| 8 | 6/518 | പ്രസാദ് (തൃക്കേട്ട, പാറയടി, പൊയ്ക്കമുക്ക്) | പാർപ്പിടാവശ്യം | താഴത്തെ നില (111ച മീ) |
| 9 | 6/504 | ദേവദാസന് (ദൃശ്യ നിവാസ്, പാറയടി, പൊയ്ക്കമുക്ക് ) | പാർപ്പിടാവശ്യം | താഴത്തെ നില (90ച മീ) |
| 10 | 6/501 | ഓമനഅമ്മ (ഷീജ വിലാസം, പാറയടി, പൊയ്ക്കമുക്ക്) | പാർപ്പിടാവശ്യം | താഴത്തെ നില (70ച മീ) |
| 11 | 6/495 | വാസുദേവൻ (വീണാ ഭവൻ, പാറയടി, പൊയ്ക്കമുക്ക്) | പാർപ്പിടാവശ്യം | താഴത്തെ നില (81ച മീ) |
| 12 | 6/471 | സജി (മണവൂർകോണം, പൊയ്ക്കമുക്ക്) | പാർപ്പിടാവശ്യം | താഴത്തെ നില (66ച മീ) |
| 13 | 6/470 | ബിനുരാജ് (മണവൂർ കോണത്തു വീട്, പൊയ്ക്കമുക്ക് ) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 14 | 6/468 | ജെ. കമലാക്ഷിയമ്മ (മംഗലത്തുവിളപുത്തൻ വീട്, | പാർപ്പിടാവശ്യം | താഴത്തെ നില (70ച മീ) |

| | | | | |
|---|---|---|---|---|
| | | പൊയ്ക്കമുക്ക് പി ഒ, 695103) | | |
| 15 | 6/460 | മണികണ്ഠൻ നായർ (എം ജി നിവാസ്, പിരപ്പൻകോട്ടുകോണം, പൊയ്ക്കമുക്ക് പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (66ച മീ) |
| 16 | 6/454 | നാഗരാജൻ (ആർ എസ് ഭവൻ, പിരപ്പൻകോട്ടുകോണം, പൊയ്ക്കമുക്ക് പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (72ച മീ) |
| 17 | 6/430 | രാജമ്മ (വസന്ത വിലാസം, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (65ച മീ) |
| 18 | 6/416 | പി ശിവദാസൻ (പറണ്ടക്കുഴി വീട്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 19 | 6/364 | ശശികല (പള്ളിയറവിള വീട്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (70ച മീ) |
| 20 | 6/353 | ഷീജ (എസ് എസ് വില്ല, പള്ളിയറ, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (72ച മീ) |
| 21 | 6/330 | വിജയകുമാരൻപിള്ള (മണിമംഗലം, ഇളമ്പ, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (90ച മീ) |
| 22 | 6/329 | ബിന്ദു (തിരുവാതിര, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (88ച മീ) |

| | | | | |
|---|---|---|---|---|
| 23 | 6/325 | കുട്ടപ്പൻ പിള്ള (കല്ലറതലക്കൽ വീട്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 24 | 6/322 | അനിൽകുമാർ (പി വി ഹൗസ്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (77ച മീ) |
| 25 | 6/314 | രാധമ്മ (പൂവക്കാട് വീട്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (84ച മീ) |
| 26 | 6/309 | ശശി (പാവൂർകോണത്തുവീട്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 27 | 6/299 | വിദ്യാധരൻ (പൗർണ്ണമി, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (90ച മീ) |
| 28 | 6/297 | പ്രസന്നൻ (സുജ നിവാസ്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 29 | 6/284 | രാധാമണിഅമ്മ (പങ്കജ വിലാസം, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (70ച മീ) |
| 30 | 6/295 | രമാവതി (ആശ മന്ദിരം, പാവൂർകോണം, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (108ച മീ) |
| 31 | 6/278 | ഗിരിധരൻ (ഗിരി നിവാസ്, ഇളമ്പ പി ഒ, 695103) | പാർപ്പിടാവശ്യം | താഴത്തെ നില (63ച മീ) |
| 32 | 6/241 | ശ്രീകല (അനന്ത പത്മനാഭം, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (66ച മീ) |

| | | | | |
|---|---|---|---|---|
| 33 | 6/256 | സുരേന്ദ്രൻനായർ (ശിവഗംഗ, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (144ച മീ) |
| 34 | 6/40 | അംബുജാക്ഷി അമ്മ (പനവിള വീട്, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (64ച മീ) |
| 35 | 6/60 | പി പങ്കജാക്ഷി അമ്മ (മംഗലത്ത് വീട്, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (65ച മീ) |
| 36 | 6/132 | ഉണ്ണികൃഷ്ണൻ (യു എൽ നിവാസ്, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (72ച മീ) |
| 37 | 6/222 | ഇന്ദിര അമ്മ (പള്ളിയറവിള വീട്, ഇളമ്പ ) | പാർപ്പിടാവശ്യം | താഴത്തെ നില (80ച മീ) |
| 38 | 6/240 | ഇന്ദിര അമ്മ (ലക്ഷ്മി വിലാസം, ഇളമ്പ) | പാർപ്പിടാവശ്യം | താഴത്തെ നില (72ച മീ) |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (നം 29/2023-24, 20.07.2024)ക്ക് മറുപടിയായി സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയപ്പോൾ എ ആർ വി രേഖപ്പെടുത്താത്ത കെട്ടിടങ്ങളുടെ നികുതിയാണ് ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളതെന്നും വസ്തു നികുതി പരിഷ്കരണ സമയത്ത് ഡേറ്റാ എൻട്രി നടത്തിയപ്പോൾ പഴയ നികുതി രേഖപ്പെടുത്താത്തതിനാലാണ് ഇത്തരം അപാകം സംഭവിച്ചതെന്നും അറിയിച്ചു. കെട്ടിടങ്ങളുടെ എ ആർ വി സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് നികുതി ഡിമാന്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കേണ്ടതാണ്.

## 1-18 വസ്തുനികുതി പരിഷ്കരണം 2023-24 – തുടർ നടപടി അനിവാര്യം

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയുടെ മറുപടി (19/2023-24, 17.07.24) ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ 31.03.2023 -നകം കെട്ടിട ഉടമകൾക്ക് നൽകിയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി (നമ്പർ 19/2023-24,17.07.2024) ക്ക് വർദ്ധനവ് വരുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നറിയിച്ചു.

2) കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിച്ച് നടത്തിയ വിവരണശേഖരണത്തിന്റെയും, ടി വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്ക്കരിച്ചതിന്റെയും വിവരം ഓഡിറ്റ് എൻകുയറി (നമ്പർ 19/2023-24,17.07.2024) ക്ക് ആവശ്യപ്പെട്ടതിന് സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി ഓപ്ഷൻ നിലവിൽ ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡാറ്റാ എൻട്രി നടത്തി ഡിമാന്റ് പരിഷ്കരിക്കുന്നതിനുള്ള നടപടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-19 തനത് വരുമാനം - അവലോകനം

അവലംബം : ഓഡിറ്റ് എൻകുയറി 6/2023-24, 12.07.2024 ന് ലഭ്യമാക്കിയ മറുപടി
പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലേക്കായി മുദാക്കൽ ഗ്രാമപഞ്ചായത്തിൽ കേബിൾ ടി വി നെറ്റ് വർക്ക്, ടർഫ് കോർട്ട് എന്നിവയ്ക്ക് നികുതി ചുമത്തുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച നടത്തിയെങ്കിലും തീരുമാനം ഉണ്ടായില്ല.

നിലവിലുള്ള വരവിനങ്ങളിൽ 100% നികുതി പിരിവ് ഗ്രാമ പഞ്ചായത്ത് അവകാശപ്പെടുന്നുണ്ടെങ്കിലും വസ്തു നികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ യഥാക്രമം 41422/-, 41587/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ 05.05.2023 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കരട് അംഗീകരിക്കുകയും 11.07.2023 ലെ കമ്മിറ്റി വസ്തു നികുതി പരിഷ്കരണം

അന്തിമമായി അംഗീകരിക്കുകയും ചെയ്തു. എന്നാൽ വസ്തു നികുതി പരിഷ്കരണം പൂർണ്ണമായും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

തനതുവരുമാനവുമായി ബന്ധപ്പെട്ട് മറ്റ് അപാകങ്ങൾ പ്രത്യേക പരാമർശങ്ങളായി ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

## 1-20 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയു ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമം രൂപീകരിച്ചത്. പ്രസ്തുത നിയമത്തിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അനേകം ചട്ടങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ, 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ് (മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മേൽ വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഹരിതകർമ്മസേന മുഖാന്തിരവും അല്ലാതെയും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഓഡിറ്റ് നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ (ഓഡിറ്റ് അന്വേഷണം 01/24, 23.07.2024 ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടി) തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ

ചേർക്കുന്നു.

## മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| 2 | ആകെ ജനസംഖ്യ | 43104 |
| 3 | വാസഗൃഹങ്ങളുടെ എണ്ണം | 10285 |
| 4 | സ്ഥാപനങ്ങൾ (വിശദാംശം ചുവടെ) | |

ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം 01/24, സി, 23.07.2024). ശുചിത്വ മിഷൻ കലണ്ടർ പ്രകാരം 2023-'24 വർഷം നൂറ് ശതമാനം വാതിൽപ്പടി സേവനം നടത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (01/1എ/2024, 23.07.2024) മറുപടി നൽകിയത്. ഹരിത കർമ്മ സേനയ്ക്ക് ചാക്കുകൾ നൽകി അതിലാണ് അവർ ഉറവിടങ്ങളിൽ നിന്നും മാലിന്യം സ്വീകരിക്കുകയാണ് ചെയ്യുന്നത്. 'ബയോ മെഡിക്കൽ മാലിന്യം 'ഇമേജ്' എന്ന സ്ഥാപനമാണ് ശേഖരിക്കുന്നത്. നാപ്കിനുൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്ക്കരിക്കുന്നതിനായി പഞ്ചായത്ത് കാര്യാലയത്തിലും, ഇളമ്പ ഹയർ സെക്കണ്ടറി സ്ക്കൂളിലും ഓരോ ഇൻസിനേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.ഖര മാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ഷിക്കുന്നതിന് എല്ലാ വാർഡുകളിലും ഭവന സന്ദർശനം നടത്തി ലഘു ലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക വിജിലൻസ് സ്ക്വോഡ് 20.10.2023 ൽ രൂപീകരിച്ചിട്ടുണ്ട്. 10 പേർക്ക് നോട്ടീസ് അയക്കുകയും നാല് പേരിൽ നിന്നും 10,000/- രൂപ വീതം പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പിഴ ഒടുക്കാത്തവർക്കെതിരെ റവന്യു റിക്കവറി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. മിനി എം.സി.എഫ്. 20 വാർഡുകിലും സ്ഥാപിച്ചിട്ടുണ്ട്. പൊയ്ക മുക്കിൽ ഒരു താത്ക്കാലിക എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. 'പുഴ ഒഴുകുന്നു 'എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേന പഞ്ചായത്തിലെ എല്ലാ പുഴകളും, തോടുകളും വൃത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്.പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ ഇടുന്നത് തടയുന്നതിന് വേസ്റ്റ് മാനേജ്മെന്റ് എന്ന സ്വകാര്യ ഏജൻസിയുടെ സഹകരണത്തോടെ സി.സി.ടി.വി.കൾ സ്ഥാപിച്ചിട്ടുണ്ട്.

ബഹു ഹൈക്കോടതി പുറപ്പെടുവിച്ച WP(C) നം.7844/2023(S) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും ,അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09) നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 12.01.2024-ലെ തീരുമാനം 11 പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിലെ 18–ാം വാർഡിലുള്ള കൊടുപാറകോണം സാം റോഡ്, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതിലേക്കായി പ്രസ്തുത റോഡ് പഞ്ചായത്തിന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്യുന്നതിന് സബ് രജിസ്ട്രാർ ഓഫീസറോട് അഭ്യർത്ഥിച്ചും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വാർഡ് മെമ്പറെ

ചുമതലപ്പെടുത്തിയും കമ്മിറ്റി ഐകകണ്ഠേന അംഗീകരിച്ചു തീരുമാനിച്ചു.
ടി റോഡ് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് LID And EW അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയും അംഗീകരിച്ച് തീരുമാനിച്ചതായും കാണുന്നു.
ടി റോഡ് ആസ്തി രഡിസ്റ്ററിൽ ഉൾപ്പെടുത്താൻ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-22 ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ഫൈൻ ഇനത്തിലുള്ള തുക അടച്ചു രസീതി ഹാജരാക്കി

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/-രൂപ ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷുറൻസ് പോളിസി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ലായിരുന്നു വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/പേര് | കരാർ തുക (₹) | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ (₹) |
|---|---|---|---|
| എസ്.ഒ. 182/2024<br>റോസ് ഗാർഡൻ റോഡ് റീടാറിംഗ് (വാർഡ് 20) | 441826/- | രാജേന്ദ്രൻപിള്ള .ബി | 441826X 0.2%<br>884/- |

| | | | |
|---|---|---|---|
| (എസ്.ഒ.196/2024) | 8,16,831/- | സുധേവൻ ആർ | 8,16,831 X 0.2%<br>1634/- |
| കോരാണി പുകയിലത്തോപ്പ് എടക്കോട് ഐ.ടി.സി റോഡ്) (എസ്. ഒ.200/24) | 1,68,286/- | സെൽവരാജ് ബി | 168286 X 0.2%<br>337/- |
| നെല്ലിമൂട് കക്കാംവിള റോഡ്<br>(എസ്. 209/24) | 7,74,031/- | ജി.ജയൻ നായർ | 7,74,031X 0.2/-<br>1548/- |
| ആനൂപ്പാറ പാലമൂട് റോഡ്<br>(എസ്. ഒ 201/24) | 732048/- | സുനിൽകുമാർ എൻ | 732048X 0.2%<br>1464/- |
| ബേബി ഫ്രണ്ടലി ടോയിലറ്റ് (എസ്. ഒ നം 193/24) | 114205/- | സെൽവരാജ് ബി | 114205 X 0.2%<br>228/- |
| മൂട്ടോട്ട് തട്ടാൻ വിളാകം റോഡ്(എസ്. ഒ. നം 194/24) | 7,17,070/ | സജീഷ്കുമാർ.വി | 717070X 0.2%<br>1434/- |
| (എസ്. ഒ നം 207/2023) | 493290/- | രാജേന്ദ്രൻപിള്ള .ബി | 493290X 0.2%<br>986/- |
| ആകെ | | | 8,515/- |

മേൽ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം.11 തീയതി 12.07.2024 ന് നിർവ്വഹണോദ്യോഗസ്ഥൻ തുക അടച്ച് രസീതുകൾ ഹാജരാക്കി. രസീതുകൾ പരിശോധിച്ച് അടവ് ബോധ്യപ്പെട്ടു.

## 1-23 ധനകാര്യകമ്മിഷൻ (ടൈഡ് ഫണ്ട്)ഉപയോഗിച്ച് സൗന്ദര്യവത്കരണം

പ്രോജക്ട് - മോഡൽ ബയോ പാർക്ക്, ഇടയ്ക്കാട് സ്കൂൾ (141/2024)
അടങ്കൽ – ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട് ) 3,18,000 /-
ചെലവ് – 2,99,619/- (ചെക്ക് നമ്പർ 136373 തീയതി 23.03.2024 )

കരാറുകാരൻ – എം. അബ്ദുൾ സലാം
കരാർ നമ്പർ – 24/AE/LID&EW/MDKL 23-24 Dt.02.12.2023

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മോഡൽ ബയോ പാർക്ക് എന്ന പ്രോജക്ടിൽ ഇടയേക്കാട് സ്കൂളിൽ 1.60x.80 M അളവിൽ മിനി എം.സി.എഫ്, 1.50 $M^3$കപ്പാസിറ്റിയിൽ മൊസ്കിറ്റോ ഫ്രീ ബൈയോഗ്യാസ് പ്ലാന്റ്, വാൽവ്, ഗ്യാസ് കൺവേയൻസ് ട്യൂബ് സ്റ്റൗ, സോക്ക് പിറ്റ് വാഷ് ഏരിയ ലാന്റ് സ്കേപ്പിംഗ് വിത്ത് അതർ ഐറ്റംസ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ധനകാര്യകമ്മിഷൻ ടൈഡ് ഫണ്ട് ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്ത ലാന്റ് സ്കേപ്പിംഗ് വിത്ത് അതർ ഐറ്റംസ് ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട ഇനമാണ്. മാത്രമല്ല ആകെ പ്രോജക്ട് ചെലവിന്റെ 46 % തുക പ്രസ്തുത ഇനത്തിനായി ചെലവഴിച്ചിരിക്കുന്നു. കൂടാതെ ലാന്റ് സ്കേപ്പിംഗിൽ ഉപയോഗിച്ചിരിക്കുന്ന ബഫല്ലോഗ്രാസ് മെയിന്റനൻസ് നടത്താതെ നിലനിൽക്കുന്നതായും, മിനി എം.സി.എഫ് ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിന് ഉപയോഗിക്കാതിരിക്കുന്നതായും, മൊസ്കിറ്റോ ഫ്രീ പോർട്ടബിൾ ബൈയോഗ്യാസ് പ്ലാന്റ്, വാൽവ്, ഗ്യാസ് കൺവേയൻസ് ട്യൂബ് സ്റ്റൗ, എന്നിവ സ്ഥലപരിശോധനയിൽ പ്രവർത്തനക്ഷമമല്ലയെന്നും കണ്ടെത്തി. ചുരുക്കത്തിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ ടി പദ്ധതിക്ക് കഴിഞ്ഞിട്ടില്ല.

സ.ഉ.(സാ.ധാ)നം.1889/2023/LSGD തീയതി-23.09.2023 കേരളം മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി നാഷണൽ സർവീസ് സ്കീമിന്റെ പങ്കാളിത്തത്തോടെ സ്നേഹാരാമങ്ങൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ സൗന്ദര്യവൽക്കരണത്തിനുള്ള ധന സ്രോതസ്സ് തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ട്, ശുചിത്വ മിഷൻ ലഭ്യമാക്കുന്ന ഫണ്ട്, പ്രാദേശിക സ്പോൺസർമാരുടെ ഫണ്ട് എന്നിവ ഉപയോഗിക്കാമെന്നു പറയുന്നുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) ഉപയോഗിച്ച് സൗന്ദര്യ വത്ക്കരണം നടത്താമെന്നത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലില്ല.




മേൽ പരാമർശങ്ങൾക്ക് അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി, ശുചിത്വമിഷൻ നടത്തിയ ട്രെയിനിംഗ് ക്ലാസുകളിലെ നിർദ്ദേശപ്രകാരം ലാന്റ് സ്കേപ്പിംഗ് നടത്തിയതെന്നും ബൈയോ ഡിഗ്രഡബിൾ വേയ്സ്റ്റിന്റെ അപര്യാപ്തത മൂലമാണ് മൊസ്കിറ്റോ ഫ്രീ പോർട്ടബിൾ ബൈയോഗ്യാസ് പ്ലാന്റ്, പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിയാത്തതെന്നും, ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് വർണ്ണകൂടാരമെന്ന പാർക്ക് സ്ഥാപിക്കുന്നതിനാലാണ് മിനി എം.സി.എഫ് അവിടെ നിന്നും മാറ്റിയതെന്നുമാണ്. വെയിസ്റ്റിന്റെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്താതെ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് ആസൂത്രണത്തിലെ വീഴ്ചയാണ്. ഒരു മാതൃകാ പ്രോജക്ട് മാതൃകാപരമായി പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത്, പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പ്രോജക്ട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ പഞ്ചായത്തിന്റെയും സ്കൂൾ അധികൃതരുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഇതു സംബന്ധിച്ച് സ്വീകരിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ – 15 /2024 / 17.07.2024

സ്ഥലപരിശോധന റിപ്പോർട്ട് തീയതി. 15.07.2024

## 1-24 ഐ.കെ.എം.മെമ്പർഷിപ്പ് ഫീസ്-കൈപ്പറ്റ് രസീത്/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പദ്ധതി നമ്പർ : 298
പദ്ധതിയുടെ പേര് : ഐ.കെ.എം.മെമ്പർഷിപ്പ് ഫീസ്
നിർവ്വഹണം : സെക്രട്ടറി
അടങ്കൽ തുക: 9,00,000/-
ചെലവ് തുക : 9,00,000/-
ഫണ്ടിനം : വികസന ഫണ്ട്
മേൽ പദ്ധതിയിൽ സ.ഉ.(സാധാ.) നം.538/2024/എൽ.എസ്.ജി.ഡി.തീയതി 05.03.2024 ഉത്തരവ് പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്ത് ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഒൻപത് ലക്ഷം രൂപ 799010100348424 എന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖകൾ / വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/2024, 22.07.2024) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ഐ.കെ.എം ന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ്/ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 "നാം" ഫണ്ട് ഉപയോഗിച്ച് ഹോമിയോ ആശുപത്രിക്ക് നവീകരണ പ്രവർത്തനങ്ങൾ -പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നാഷണൽ ആയൂഷ് മിഷൻ കേരള (ആയൂഷ് വകുപ്പ്) ഹോമിയോ ആശുപത്രിയെ സാധാരണ ആരോഗ്യകേന്ദ്രം എന്നതിലുപരി ആരോഗ്യപരിപാലനത്തിനായി അവബോധം വളർത്തുന്നതിനുള്ള സേവനങ്ങളും സൗകര്യങ്ങളും നൽകുന്നതിനുള്ള സ്ഥാപനമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യോഗാ ഹാൾ പുനരുദ്ധാരണത്തിന് പ്രോജക്ട് വച്ചത്.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി (എസ്.ഒ. 246/2024) തനത് ഫണ്ടിൽ നിന്നും 4,50,000/-രൂപ വകയിരുത്തി 3,60,943/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ 728109 തീയതി. 31.03.2024) യോഗാ ഹാളിൽ അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക്, 10.50 മീറ്റർ നീളം, 9.50 മീറ്റർ

വീതിയിൽ ടൈൽ വർക്ക് എന്നിവയാണ് നടത്തിയിട്ടുള്ളതെന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി. 26.03.2024 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യോഗാ ഹാൾ പ്രവർത്തനസജ്ജമാക്കുകയോ യോഗാ ഇൻസ്ട്രക്ടറെ നിയമിക്കുകയോ ചെയ്തിട്ടില്ല. വളരെ വലിയ തുക ചെലവഴിച്ച് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ട് യോഗാഹാൾ പ്രവർത്തനനിരതമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻകുയറിക്ക് ലഭിച്ച മറുപടി ,മാർച്ച് മാസം പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തിക്ക് പെരുമാറ്റ ചട്ടങ്ങൾ നിലനിന്നതിനാൽ പുതിയ യോഗ ഇൻസ്രക്ടറെ നിയമിക്കുന്നതിനോ ക്ലാസുകൾ ആരംഭിക്കുന്നതിനോ സാധിച്ചില്ലായെന്നതാണ്.




പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രദ്ധയും ശ്രമങ്ങളും അധികൃതരുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. യോഗസെന്റർ

പ്രവർത്തനക്ഷമമാക്കി തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ - 16/2023-24 / 17.07.2024

സ്ഥലപരിശോധന റിപ്പോർട്ട് തീയതി - 15.07.2024

## 1-26 ടേക്ക് എ ബ്രേക്ക് ശൗചാലയം പദ്ധതി -അവലോകനം

കേരള സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ളതും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമായ ടേക്ക് എ ബ്രേക്ക് ശൗചാലയം പദ്ധതിക്കായി 2020-21 വർഷം അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് (So252/21) വച്ചു. ഇടയ്ക്കാട് വില്ലേജ് ഓഫീസിലെ പഴയ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള 3 സെന്റ് വസ്തുവിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചത്.

സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 2,10,000/- രൂപ, നഗരസഞ്ചയം ഫണ്ടിൽ നിന്നും 17,00,000/- രൂപ ഉൾപ്പെടെ ആകെ 19,10,000/-രൂപ വകയിരുത്തിയ പ്രോജക്ടിന് 2020-21 ൽ സാങ്കേതികാനുമതി ലഭിക്കുകയും 29.01.2021 ൽ 49/AE/LSGD/20-21 പ്രകാരം കരാർ വയ്ക്കുകയും ചെയ്തു. എന്നാൽ നിയമപ്രകാരം 10 ദിവസത്തിനകം കരാറുകാരന് SHO നടത്തി നല്കിയില്ല. ബഹു കളക്ടറുടെ എൻ.ഒ.സി പ്രകാരം ഇടയ്ക്കാട് വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ കുറച്ചുഭാഗം (13*11 മീറ്റർ എന്ന അളവിൽ) ടേക്ക് എ ബ്രേക്ക് കെട്ടിടം പണിയുന്നതിനു വേണ്ടി ഉപയോഗിക്കാൻ അനുവാദം ലഭിച്ചിരുന്നു. എന്നാൽ ഇവിടെ നിന്നിരുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റി ലേലം ചെയ്യുന്നതിനും കൃത്യമായി സ്ഥലം അളന്ന് Demarcate ചെയ്തു നൽകുന്നതിൻ കാലതാമസം ഉണ്ടായതിനാലും കോൺട്രാക്ടർക്ക് സ്ഥലം കൈമാറി നല്കിയത് 13.04.2023 തീയതിയിലാണ്.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് റൂഫ് ഉൾപ്പെടുന്ന സ്ട്രക്ചർ വരെ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി കോർപ്പറേഷൻ ഫണ്ടിൽ നിന്നും 16,72,705 രൂപയും (സാംങ്ഷൻ ഓർഡർ നം. 412/14.02.2024) ശുചിത്വ മിഷൻ ഫണ്ടിൽ (സംസ്ഥാനാവിഷ്കൃതം) നിന്നും 2,10,000/-രൂപയും (സാംങ്ഷൻ ഓർഡർ നം. 411/14.02.2024) ചെലവഴിച്ചിട്ടുണ്ട്. ബീം, കോളം, കോൺക്രീറ്റ് എന്നിവയുടെ ആർ സി.സി, സ്റ്റീൽ റീഇൻഫോർസ്മെന്റ്, സോളിഡ് ബ്ലോക്ക്, വാൾ ടൈൽ, പ്ലാസ്റ്ററിംഗ് എന്നിവയുടെ അളവ്

അധികമായി വന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്ലംമ്പിംഗ് പ്രൈം കോട്ട് പെയിന്റിം ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

2024-25 ൽ ഫിനിഷിംഗ് വർക്ക് കോമ്പൗണ്ട് വാൾ എന്നിവയ്ക്കായി പുതിയ പ്രോജക്ട് വച്ചിട്ടുണ്ട്. (പ്രോജക്ട് നം. 209/24-25) പ്രോജക്ട് പൂർത്തിയാക്കുന്നതിനായി സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും 14,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ ആദ്യ ടെണ്ടറിൽ ആരും വർക്ക് ഏറ്റെടുത്തിട്ടില്ല. തുടർ നടപടിക്രമങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിന് 05.07.2024 ൽ കൂടിയ സാധാരണ കമ്മിറ്റിയിൽ 3(3) നമ്പർ തീരുമാനപ്രകാരം അനുവാദം ലഭിച്ചതായും ആയതിനാൽ റീടെണ്ടർ നടത്തി വർക്ക് ഏറ്റെടുക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ടേക്ക് എ ബ്രേക്ക് പൂർത്തിയാക്കി അറിയിക്കുന്നതാണെന്നും മറുപടി നല്കി.











സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ടേക്ക് എ ബ്രേക്ക് ശൗചാലയം നിർമ്മാണ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ – 35/2023-24 തീയതി. 20.07.2024

സ്ഥലപരിശോധന തീയതി - 15.07.2024

## 1-27 കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റ് നിർമ്മാണം പദ്ധതി : ചെലവ് രേഖകൾ ഹാജരാക്കിയില്ല 477724/- രൂപ തടസ്സം

സെക്രട്ടറി നിർവ്വഹണം നടത്തിയ നഗരസഞ്ചയം-മെറ്റീരിയൽ കമ്പോണന്റ് ഫോർ കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റ് നിർമ്മാണം (എസ്.ഒ.213/24) പദ്ധതി യിൽ ഉൾപ്പെടുത്തി സ്കൂളുകൾ, മാർക്കറ്റുകൾ ഹോസ്പിറ്റൽ, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ ആകെ 12 കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. പിറ്റ് നിർമ്മാണത്തിൽ അവിദഗ്ധ വേതന ഘടകം തൊഴിൽ ചെയ്തത് മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അവിദഗ്ധ തൊഴിലാളികളാണ്. അർദ്ധവിദഗ്ധ, വിദഗ്ധ,


തൊഴിൽ ഘടകം മെറ്റീരിയൽ ഘടകം എന്നിവ നഗര സഞ്ചയം ഫണ്ടിൽ നിന്നും പ്രവൃത്തിക്ക് സാധനഘടകം വിതരണം ചെയ്ത സപ്ലൈയർക്കാണ് നല്കിയിട്ടുള്ളത്.












മേൽ പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സപ്ലെയറുടെ ജി.എസ്.റ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല.

(2) ശ്രീ. ജയൻ നായരുടെ ലോവസ്റ്റ് റേറ്റിലെ കവട്ടേഷൻ അംഗീകരിച്ചിരിക്കുന്നു. കവട്ടേഷനിൽ 12 കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിനായുള്ള തുക, എണ്ണം, ഇനം തിരിച്ച് കാട്ട് ചെയ്തിട്ടില്ല. ആകെ 3,78,578/- രൂപ കാട്ട് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

(3) 12 കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചതിന്റെ മൂല്യ നിർണ്ണയം നടത്തിയല്ല വെണ്ടർക്ക് തുക കൈമാറിയിട്ടുള്ളത്. സെക്രട്ടറിയുടെ മെറ്റീരിയൽ കമ്പോണന്റ് ഫോർ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നമ്പർ എസ്.ഒ.213/24) 4,77,724/- രൂപ (Sanction Order/Proceeding No. 31426/12/2023) വെണ്ടർക്ക് നല്കി.

(4) വിതരണക്കാരനിൽ നിന്നും സാധനഘടകം ന്റെ 2,50,000/-ന് മേലുള്ള തുകയ്ക്ക് ജി.എസ്.റ്റി ടി.ഡി.എസ് പിടിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

(5) കംപോസ്റ്റ് പിറ്റ് സ്ഥാപിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. സ്ഥലപരിശോധനയിൽ കംപോസ്റ്റ് പിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

(6) എം.ജി.എൻ ആർ. ഇ.ജി.എസ്, എം ബുക്കിൽ സെമി സ്കിൽഡ്, സ്കിൽഡ് വേതനം, സാധനഘടകങ്ങൾ എന്നിവയുടെ തുക രേഖപ്പെടുത്തിയതിന് ആധികാരികമായി മസ്റ്റർ റോളുകൾ, സാധനസാമഗ്രികളുടെ ബില്ല് എന്നിവ ഇല്ല.

(7) സപ്ലെയർ ഹാജരാക്കേണ്ട സാധനസാമഗ്രികളുടെ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ, സാധനങ്ങൾ മേറ്റ് സൈറ്റിൽ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഇല്ല.

(8) സ്കിൽഡ്, സെമിസ്കിൽഡ് ഇനത്തിൽ തുക കരാറുകാരന് നൽകിയതിന്റെ മസ്റ്റർ റോൾ ഇല്ല.

(9) സ്കിൽഡ്, സെമിസ്കിൽഡ് വേതനം മെറ്റീരിയൽ സപ്ലൈ തുക, എന്നിവ കരാറുകാരനായ ജയൻ നായർക്ക് നൽകിയിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 12 കംപോസ്റ്റ് പിറ്റ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എം.ജി.എൻ ആർ. ഇ.ജി.എസ് മുഖേന എടുത്തിട്ടുള്ളതിനാൽ അവിദഗ്ധ വേതന ഘടകം മാത്രമേ എം.ജി.എൻ ആർ.ഇ.ജി.എസ് ഫണ്ടിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളൂവെന്നും സാധന ഘടകവും ലേബർ ചാർജും (സെമി സ്കിൽഡ്, സ്കിൽഡ്) സെക്രട്ടറിയുടെ പ്രോജക്ട് പ്രകാരം നഗര സഞ്ചയം ഫണ്ടിൽ ഉൾപ്പെടുത്തി നൽകിയെന്നാണ്. വിതരണക്കാരന് 3,63,097/-സാധനഘടകവും, 1,14,627/-സെമി സ്കിൽഡ്, സ്കില്ഡ് ലേബർ ചാർജുമാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

സ്കിൽഡ് സെമി സ്കിൽഡ് വേതനത്തിന് ആധികാരികമായ മസ്റ്റർ റോൾ, സാധനഘടകത്തിന് ആധികാരികമായ ബില്ല്, കംപോസ്റ്റ് പിറ്റ് സ്ഥാപിച്ചതിന്റെ മൂല്യനിർണ്ണയരേഖകൾ എന്നിവയുടെ അഭാവത്തിൽ വിതരണക്കാരന് നല്കിയ 4,77,724/- (3,63,097 +1,14,627) രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകവയറി നമ്പർ – 34/2023-24 തീയതി. 22.07.2024

സ്ഥല പരിശോധന നടത്തിയ തീയതി - 19.07.2024

## 1-28 ലാബ് റീഏജന്റുകൾ / മരുന്നുകൾ ലഭിച്ചിട്ടില്ല - 3,52,828/-രൂപ തടസ്സപ്പെടുത്തുന്നു.

ലാബ് റീഏജന്റുകൾ / മരുന്നുകൾ ലഭിച്ചിട്ടില്ല – 3,52,828/- രൂപ തടസ്സം.

പ്രോജക്ട് – ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (271/2024)

അടങ്കൽ – 11,29,000/-

ചെലവ് – 8,34,761/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (എഫ്.എച്ച് സി)
ടി പദ്ധതി പ്രകാരം മരുന്നുകൾ / റീഏജന്റുകൾ എന്നിവയ്ക്കായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് താഴെപ്പറയും പ്രകാരം മുൻകൂർ പണം നൽകിയെങ്കിലും 352828/- രൂപയുടെ മരുന്നുകൾ / റീഏജന്റുകൾ എന്നിവ ഇനിയും ലഭിക്കാൻ ബാക്കിയുണ്ട്.

| ബിൽ നം / തീയതി | മുൻകൂർ നൽകിയ തുക | ഏജൻസി | ലഭ്യമാക്കിയ മരുന്നുകളുടെ / റീ ഏജന്റുകളുടെ വില | ബാക്കി |
|---|---|---|---|---|
| 230056 / 24.01.2024 | 3,51,723 | സപ്ലൈക്കോ മാവേലി മെഡിക്കൽ സ്റ്റോർ, ചിറയിൻകീഴ് | 3,39,038 | 12,685 |
| 1230050 / 03.01.2024 | 73,184 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം | 70,731 | 2453 |
| 105499 / 18.05.2023 | 7,70,932 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം | 6,30,816 | 1,40,116 |

| | | | | |
|---|---|---|---|---|
| 510634 / 24.03.2024 | 2,67,142 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം | 69,568 | 1,97,574 |

മേൽ വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി, മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുമെന്നാണ്.

ലഭ്യമാകാത്ത മരുന്നുകൾ / ലാബ് റീഏജന്റുകൾ ഇനങ്ങൾക്കായി ചെലവഴിച്ച 3,52,828/- രൂപ തടസ്സം ചെയ്യുന്നു. മരുന്നുകൾ / ലാബ് റീഏജന്റുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 2/2023-24 11.07.2024

## 1-29 സുരക്ഷ - ബ്ലോക്ക് വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. രൂപ 2,00,000/-

പദ്ധതി നമ്പർ: 238
പദ്ധതിയുടെ പേര് : സുരക്ഷ - ബ്ലോക്ക് വിഹിതം നൽകൽ
അടങ്കൽ തുക : 2,00,000
ചെലവ് തുക : 2,00,000
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നം. / തീയതി / തുക – 163/11.10.2023 / 2,00,000/- (എ.സി.ആർ)
ടി പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി രണ്ട് ലക്ഷം രൂപ ചിറയിൻകീഴ് ബ്ലോക്കിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/ 2024, 22.07.2024) മറുപടിയായി ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ചിറയിൻകീഴ് ബ്ലോക്കിന് കത്ത് നൽകിയതായി അറിയിച്ചു. ധന വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്ന അവസരത്തിൽ പ്രസ്തുത ചെലവ് തുകയിൻമേലുള്ള തടസ്സം ഒഴിവാക്കുന്നതാണ്.

## 1-30 ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ - അദ്ധ്യാപികയ്ക്കും ആയയ്ക്കും വേതനം - നിയമന കരാർ പുതുക്കിയില്ല

പദ്ധതി നമ്പർ : 40/2024
പദ്ധതിയുടെ പേര് : ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ - അദ്ധ്യാപികയ്ക്കും ആയയ്ക്കും വേതനം
അടങ്കൽ തുക : 9,05,640
ചെലവ് തുക : 7,13,830
ഫണ്ടിനം : വികസന ഫണ്ട്
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം വേതനം കൈപ്പറ്റിയ ശ്രീമതി രമണി എൻ. (അദ്ധ്യാപിക), ശ്രീമതി. സുനിത കുമാരി എൻ. (അദ്ധ്യാപിക), ശ്രീമതി രജി എസ്. (ആയ) എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ,കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/ 2024, 12.07.2024) മറുപടിയായി പ്രസ്തുത ജീവനക്കാർ 25 വർഷമായി പഞ്ചായത്തിൽ ജോലി നോക്കുകയാണെന്നും അവരുടെ കരാർ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിന്നതിനാൽ പുതുക്കി നൽകിയില്ല എന്നും അറിയിച്ചു. കരാർ പുതുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം

പദ്ധതി നമ്പർ : 52
പദ്ധതിയുടെ പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം
അടങ്കൽ തുക : 40,00,000
ചെലവ് തുക : 15,07,116
ഫണ്ടിനം : വികസന ഫണ്ട് (എസ്.സി.പി)
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുകയുടെ 35 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഗുണഭോക്താക്കൾക്ക് പല തവണ അറിയിപ്പ് നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാലാണ് പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും നൽകാൻ കഴിയാതെ പോയതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (10/2024, 12.07.2024) മറുപടി നൽകിയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റു വികസന പ്രവർത്തനങ്ങൾക്ക്

വിനിയോഗിക്കാമായിരുന്ന തുക വേണ്ടത്ര ജാഗ്രത കാണിക്കാതെ ഗുണഭോക്താക്കളില്ലാത്ത മേൽ പദ്ധതിക്കായി വകയിരുത്തിയതാണ് പദ്ധതിയുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. പദ്ധതി ആസുത്രണം ശുപാർശ ചെയ്യുന്ന വർക്കിംഗ് ഗ്രൂപ്പുകളും ആസൂത്രണ സമിതിയും ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധികം നൽകിയത് - രൂപ169225/-

| ക്രമ നമ്പർ | 1 | 2 |
|---|---|---|
| പദ്ധതിയുടെ പേരും നമ്പരും | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (17/24) | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (16/24) |
| അടങ്കൽ തുക | 27,85,500/- അടങ്കൽ<br>12,82,500/- (വികസന ഫണ്ട്)<br>8,61,750/- (ബ്ലോക്ക് ഫണ്ട്)<br>6,41,250/- (ജില്ലാ ഫണ്ട്) | 53,000/-<br>45,000/- (വികസന ഫണ്ട്)<br>8,000/- (തനത് ഫണ്ട്) |
| ഫണ്ടിനം | General Fund, Block Share, Dist. Share | General Fund |
| ചെലവ് തുക | 26,23,720/- | 53,000/- |
| | (12,55,720/- വികസന ഫണ്ട്<br>7,26,750/- ബ്ലോക്ക് പഞ്ചായത്ത്<br>641250/- ജില്ലാ പഞ്ചായത്ത്) | ( 45,000/- വികസന ഫണ്ട്,<br>8,000/- തനത് ഫണ്ട്) |
| ബിൽ/ ചെക്ക് നം, തീയതി | 107/23.8.2023 – 4,55,000<br>130/18.9.2023 – 6,41,250<br>199/7.11.2023 – 8,00,720<br>203/7.11.2023 – 6,41,250 | 177/25.10.23 – 45,000/-<br>423/20.02.24 – 8,000/- |

| | | |
|---|---|---|
| | 358/17.1.2024 – 85,500 | |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

28.05.2022-ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.16(ഇ) പ്രകാരം എ.സി.ഡി.എസ്. സൂപ്പർവൈസർ ധന സഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ മോണിറ്റർ ചെയ്യണം. കൂടാതെ പ്രതിമാസ സ്കോളർഷിപ്പ്/ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷകർത്താവിന്റെയും ജോയിന്റ് അക്കൗണ്ടിലേക്കാണ് നൽകേണ്ടത് എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

1) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് തുക അനുവദിക്കുന്നതിനാണ് ക്രമ നം. 2 പ്രകാരമുള്ള പ്രോജക്ട് രൂപീകരിച്ചത്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ട 4 പേർക്ക് ശാരീരിക പ്രയാസങ്ങൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനോടൊപ്പം ക്രമ നം. 1 പ്രകാരമുള്ള പ്രാജക്ടിൽ നിന്നും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പും നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര് | ബാങ്ക് അക്കൌണ്ട് നം. | നൽകിയ തുക |
|---|---|---|---|
| 1. | ആദിത്യൻ | 37459797088 | 28,145 |
| 2. | ശ്രീജിത്ത് | 67197890089 | 28,145 |
| 3. | ഹരിശങ്കർ എസ് എസ് | 1045108028087 | 28,145 |
| 4. | ആരോമൽ എസ് | 078001000020548 | 28,500 |
| ആകെ തുക | | | 1,12,935 |

2) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് അവരുടെ ബാങ്ക് അക്കൗണ്ടിന് പകരം രക്ഷിതാക്കളുടെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കാമെങ്കിലും ക്രമ നം. 1 പ്രകാരമുള്ള പ്രോജക്ടിൽ 2 കുട്ടികളുടെ സ്കോളർഷിപ്പ് തുക, കുട്ടിയുടെയും രക്ഷിതാവിന്റെയും രണ്ട് ബാങ്ക് അക്കൗണ്ടിലും നിക്ഷേപിച്ചതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ബാങ്ക് അക്കൌണ്ട് നം. | നൽകിയ തുക |
|---|---|---|---|
| 1. | വിജിത | 13110100146788 | 28,500 |
| 2. | *വൽസല (വിജിതയുടെ മാതാവ്) | 1045101024284 | *28,145 |
| 3. | അനിലാൽ | 67317795547 | 28,145 |
| 4. | *ഗീത.എം (അനിലാലിന്റെ മാതാവ്) | 078001000011682 | *28,145 |
| *അധികം നൽകിയ തുക | | | 56,290 |

അധികം നൽകിയ തുകയുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പിന്റെ (നം. 26/2023-24/19.07.2024) മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസറിന് തന്റെ ജോലിഭാരം കൊണ്ട് വന്ന ക്ളറിക്കൽ മിസ്റ്റേക്കാണ് എന്നും രക്ഷിതാവിന്റെയും കുട്ടിയുടെയും രണ്ട് അക്കൗണ്ടും രണ്ട് ആധാറും കാരണം ശ്രദ്ധയിൽ പെട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുകയായ 1,69,225 (1,12,935 + 56,290) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക എത്രയും വേഗം തിരികെ ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 26/2023-24 / 19.07.2024

## 1-33 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല - 82,452/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S102/24 |
| പ്രോജക്ടിന്റെ പേര് | **ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ** |
| അടങ്കൽ | 1,50,000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 1,50,000 |
| ബിൽ നമ്പർ | 260 /13.11.2023 |
| നിർവ്വഹണം | **മെഡിക്കൽ ഓഫീസർ, ഹോമിയോ** |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 1,50,000/- 14.12.2023 നു കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 67,548/- രൂപയുടെ മരുന്നുകൾ മിക്കവയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഈ സ്ഥാപനം ആവശ്യപ്പെട്ട മരുന്നുകളല്ല എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാണ്. ഒറിജിനൽ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ പലതും നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടുമില്ല. മുദാക്കൽ ഹോമിയോ ഡിസ്പെൻസറി കൊടുത്ത ഒറിജിനൽ ഇൻവോയിസിന് പകരം കോട്ടയം മുത്തോലി ഹോമിയോ ഡിസ്പെൻസറിയുടെ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ ഹോംകോ ലഭ്യമാക്കിയത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. തിരുത്തൽ വരുത്തിയ ഒറിജിനൽ ഇൻവോയിസ് സ്ഥാപനത്തിൽ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ മരുന്നിന്റെ സ്റ്റോക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ലയെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെട്ട മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 82,452 രൂപയുടെ (₹1,50,000 - ₹67,548) മരുന്ന് ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 24/23-24 / 18.07.2024) മറുപടി ലഭ്യമാക്കിയില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 82,452/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻകുയറി നം. 24/23-24 / 18.07.2024)

## 1-34 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - മുന്നൊരുക്കങ്ങൾ അനിവാര്യം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ)156/2019ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീകരണം. ടീം രൂപീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻകൃയറി (നം 5/2023-24, 12.07.2024)ക്ക് മറുപടി നൽകിയെങ്കിലും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ. ഇത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധിച്ചതിൽ പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല.

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ- തൻ വർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

5) ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നം 5/2023-24, 12.07.2024)ക്ക് പഞ്ചായത്തിലെ ജനപ്രതിനിധികൾ, മുന്നറിയിപ്പ് ടീം, ഒഴിപ്പിക്കൽ ടീം, ഷെൽട്ടർ മാനേജ്മെന്റ് ടീം എന്നിവർക്ക് കില മുഖേന പരിശീലനം ലഭിച്ചിട്ടുണ്ട് എന്നറിയിച്ചു.

കേരളം തുടർച്ചയായി പ്രകൃതിക്ഷോഭങ്ങളെ നേരിട്ട് കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ മുന്നൊരുക്കങ്ങളോടെ സജ്ജമായിരിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രധാന കർത്തവ്യങ്ങളിലൊന്നായി മാറേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-35 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട്

സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന് അറിയപ്പെടുന്നതുമാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500/- രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.

മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവത്കരിച്ചിട്ടില്ലെന്നും പ്രസ്തുത നിധിയുടെ ധനശേഖരണാർത്ഥം അക്കൌണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻകൃയറി (നം 4/2023-24, 12.07.2024) ക്ക് മറുപടി നൽകി. ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 അങ്കണവാടികുളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ കേന്ദ്രവിഹിതം ചെലവഴിച്ചില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ-8.8.2 (1), (2) എന്നിവ പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൌതിക സൌകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൌഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നു. കൂടാതെ എംജിഎൻആർഇജിഎസ്, ശിശുവികസന വകുപ്പ് എന്നിവയുമായ് സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുന്നു. തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പിന്റെ 3-9-2010 തീയതി യിലെ നമ്പർ 39033/ ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും

കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്നും ആവശ്യപ്പെടുന്നുണ്ട്. മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ അങ്കണവാടികളുടെ വിവരം ചുവടെ പറയും പ്രകാരമാണ്

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണവും അവയുടെ ക്രമ നമ്പരും |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 10 എണ്ണം (33,38,44,45,46,49,51,57,60,68 ) |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 എണ്ണം (33,38,44,45,46,49,51,57,60,68 ) |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 3 എണ്ണം (44,46,57) ഇവ വാടക കെട്ടിടങ്ങളാണ് |
| 4 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 39 (മൊത്തം 40) |

2023-24 സാമ്പത്തിക വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം കേന്ദ്രവിഹിതമായ 22,97,023/- (ഇരുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുപത്തി മൂന്ന് രൂപ) ഐസിഡിഎസ് പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ അവശേഷിക്കുന്നു. പ്രസ്തുത തുക ചെലവഴിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രോജക്റ്റും തൻവർഷം വിഭാവനം ചെയ്തിരുന്നില്ല. മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ 40 അങ്കണവാടികളിൽ 39 എണ്ണവും പതിന്നാലാം പഞ്ചവത്സര പദ്ധതി പ്രകാരം വിഭാവന ചെയ്ത ബാലസൗഹൃദ അങ്കണവാടികളായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഒരു അങ്കണവാടിക്ക് സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്ലറ്റ് ഉണ്ടെങ്കിലും എല്ലാ ടോയ്ലറ്റുകളും ബാലസൗഹൃദമല്ല പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളുടെ അടിസ്ഥാന ആവശ്യങ്ങളായ ടോയ്ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ പര്യാപ്തമല്ലാത്തിനാൽ സർക്കാർ നിർദ്ദേശാനുസരണം അതത് വർഷം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് അങ്കണവാടിയുടെ ഭൗതിക

സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-37 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പൂർണമായി തുക നൽകിയില്ല

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രബത്ത എന്നീ ഇനങ്ങളിൽ പ്രതിമാസം രണ്ടായിരം രൂപയും മറ്റ് പഠനാവശ്യങ്ങൾക്കായി വർഷത്തിൽ 4,500/- രൂപയും ഉൾപ്പെടെ ഒരു കുട്ടിയ്ക്ക് വർഷത്തിൽ 28,500/- രൂപ സ്കോളർഷിപ്പായി ലഭിക്കേണ്ടതാണ്. എന്നാൽ തൻവർഷം 97 പേരടങ്ങിയ ഗുണഭോക്ത പട്ടികയിൽ നിന്ന് 9 പേർക്ക് മാത്രമാണ് മുഴുവൻ തുകയും നലകിയത്, 86 പേർക്ക് 28,145/- രൂപയും 2 പേർക്ക് യഥാക്രമം 26,802/-, 28,436/- രൂപയും മാത്രമാണ് നൽകിയത്.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പദ്ധതികൾ നടപ്പാക്കിയ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, SOO17/24 |
| അടങ്കൽ തുക | 27,85,500/- (12,82,500/- (വി ഫ ജ), 8,61,750/- (ബ്ലോക്ക് വി), 6,41,250/- (ജില്ലാ വി)) |
| ചെലവ് തുക | 2623720/-(12,55,720/-(വി ഫ ജ), 7,26,750/- (ബ്ലോക്ക് വി), 6,41,250/- (ജില്ലാ വി)) |
| ബിൽനമ്പർ/തീയതി/ തുക | 1. 107/23.08.2023 – 4,55,000/-<br>2. 199/07.11.2023 – 8,00,720/-<br>3. 130/18.09.2023 – 6,41,250/-(BP)<br>4. 203/07.11.2023 – 6,41,250/-(DP)<br>5. 358/17.01.2024 – 85,500/- (BP) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

19.04.2022 ലെ ജി.ഒ.(കൈ)84/2022/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2.1 (4) പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും / ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പ്രോജക്ട് ഏറ്റെടുക്കണം ഒപ്പം ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളും ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം. ഇത് ICDS സൂപ്പർവൈസർ / CDPO മോണിറ്റർ ചെയ്യണം. ധന സഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ICDS സൂപ്പർവൈസർ CDPO മുഖേന ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രതിമാസ സ്കോളർഷിപ്പ് / ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷകർത്താവിന്റെയും ജോയിന്റ് അക്കൌണ്ടിലേ ക്കാണ് നൽകേണ്ടത് എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

മതിയായ തുക വകയിരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പ് നം. 26/2023-24/19.01.24 ന്റെ മറുപടിയിൽ മുഴുവൻ പേർക്കും 28,500/- രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടി ബ്ലോക്ക് ഷെയർ 1,35,000/- ആവശ്യപ്പെട്ടിരുന്നു. എന്നാൽ ട്രഷറിയിൽ സമർപ്പിച്ചപ്പോൾ ഫണ്ടിന്റെ അപര്യാപ്തത മൂലം ബിൽ മാറാൻ സാധിച്ചില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. തുടർ വർഷങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക പൂർണ്ണമായും ബജറ്റിന് മുന്നോടിയായി കണക്കാക്കി ആയത് വകയിരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നറി യിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ നിരക്കിൽ തുക വകയിരുത്തി നിർവ്വഹണം നടത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

## നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 0 | 84726 | രണ്ടാം വിള നെൽകൃഷി | 84726 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | 0 | 103258 | കേദാരം സമഗ്ര നെൽകൃഷി വികസനം | 103258 | 0 |
| | | | 0 | 550000 | ലൈഫ് മിഷൻ ഭവനപദ്ധതി എസ് സി പി | 550000 | 0 |
| | | | 0 | 726750 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 726750 | 0 |
| | | | 0 | 76545 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 76545 | 0 |
| | | | 0 | 200000 | ലൈഫ് എസ് സി അഡീഷണൽ | 200000 | 0 |
| | | | 0 | 100000 | അനുപൂരക പോഷകാഹാരം ജനറൽ | 100000 | 0 |
| | | | 25483208 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 25483208 |
| ആകെ | | | 25483208 | 1841279 | | 1841279 | 25483208 |
| ജില്ലാ പഞ്ചായത്ത് | 2023-24 | | 0 | 102000 | രണ്ടാം വിള നെൽകൃഷി | 102000 | 0 |
| | | | 0 | 103258 | കേദാരം സമഗ്ര നെൽകൃഷി വികസനം | 103258 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 180000 | ലൈഫ് മിഷൻ ഭവനപദ്ധതി എസ് സി പി | 180000 | 0 |
| | | 0 | 641250 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 641250 | 0 |
| | | 0 | 54812 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 54812 | 0 |
| | | | 140000 | ലൈഫ് എസ് സി അഡീഷണൽ | 140000 | |
| | | 1392521 | 0 | മുൻ പ്രോജക്ടുകൾ | 0 | 1392521 |
| ആകെ | | 1392521 | 1221320 | | 1221320 | 1392521 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| 2022-23 B4 ഷെഡ്യൂൾ മുന്നിരിപ്പ് | വരവ് (I-6) പ്രകാരം | ചെലവ് (ചെലവ് പത്രിക പ്രകാരം) | 2023-24 നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ പ്രകാരം ) |
|---|---|---|---|
| 25483208 | 1841279 | 1841279 | 25483208 |
| 1392521 | 1221320 | 1221320 | 1392521 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | തൻ വർഷം ചെലവഴിച്ച | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|

| | | തുക | തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 34/24 സ്ട്രീറ്റ് മെയിൻ നീട്ടൽ | 495581 | 0 | 495581 |
| കേരള വാട്ടർ അതോറിറ്റി | 214/24 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് | 5001000 | 0 | 5001000 |
| | 273/24 പൊതു ടാപ്പുകളുടെ വിച്ഛേദനം - എസ്റ്റിമേറ്റ് തുക അടവാക്കൽ | 1844400 | 0 | 1844400 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് | *2023-24 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 8748977 | 2501000 | 11249977 | - | 11249977 | 11249977 |
| കെ.എസ്.ഇ.ബി | 2991739 | 495581 | 3487320 | - | 3487320 | 3487320 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 130558 | - | 130558 | - | 130558 | 130558 |

*നീക്കിയിരിപ്പുകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് ഖ.1-1-17 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ – വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|
| KURDFC | 13649971 | 1100000 | 1609749 | 13140222 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| |
|---|
| ഇല്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 40218412 |
| ഓഡിറ്റ് വർഷത്തെ വരവ് | 59605230 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61898757 |
| നീക്കിയിരിപ്പ് | 37924885 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1282229 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 477724 | ശ്രീമതി കെ. പി. അനിലകുമാരി, സെക്രട്ടറി |
| 1-28 | 352828 | ഡോ. പ്രദീപ് കുമാർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-29 | 200000 | ശ്രീമതി കെ. പി. അനിലകുമാരി, സെക്രട്ടറി |
| 1-32 | 169225 | ശ്രീമതി വസുന്ധരാദേവി. എൽ. എസ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-33 | 82452 | ഡോ. വിനിത. എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കെ. പി. അനിലകുമാരി, സെക്രട്ടറി | പെൻഷണർ | സ്വാതി, നെല്ലിമൂട്, മുരുക്കുംപുഴ പി. ഒ. |
| ഡോ. പ്രദീപ് കുമാർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, മുദാക്കൽ. | കോയിക്കൽ പുത്തൻവീട്, നെല്ലനാട് പി.ഒ, വാമനപുരം. |
| ശ്രീമതി വസുന്ധരാദേവി. എൽ. എസ്, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, ചിറയിൻകീഴ്, എ.സി.ഡി-1, മാമം. | ജി.ആർ.എ.സി.-220, എട്ടയൂർക്കോണം, വട്ടിയൂർക്കാവ് പി.ഒ. |
| ഡോ. വിനിത. എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, അയിലം. | ശിവദം, 37/5 എ.ആർ.എ, ചെമ്പഴന്തി പി.ഒ, തിരുവനന്തപുരം. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 10 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി8/315/2019 തീയതി: 03/04/2019 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി8/1158/2019 തീയതി: 17/08/2019 | 43 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി10/1749/2021 തീയതി: 12/01/2022 | 28 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി10/107 /2022 തീയതി: | 31 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജിപി12/361 /2023 തീയതി: | 27 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1440 /2023 തീയതി: 16.10.23 | 36 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(4) dated 2(4) dated 29-05-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Mudakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of Mudakkal Grama Panchayat as on 31-03-2024

**Date: 11/09/2024** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Mudakkal Grama Panchayat for the Year 2023-2024.

## 1.Major Observations

1. Expenditure (206654588/-) exceeds Income (206040707/-) as per Income & Expenditure Statement, resulting in deficit balance for the institution.

## 2.Other Observations

1. The financial ratios, notes to accounts etc. were not submitted for audit.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3. Lapses in making timely and accurate demand entries in respect of tax revenue.

4. The valuation of stocks and stores has not been verified and recorded at the end of the financial year and in the B-14 Schedule of Balance Sheet under Stock in hand (inventories).

5. Cash flow statement-Net increase/decrease in cash and cash equivalents ((-)2293527/-) doesnot match with the net cash generated through operating, financing and investing activities (7115126/-).

6. No action has been taken to transfer the amount which has been expired under the head in Stale cheques to income head. (Rs. 156078)

7. Cheque issued and uncashed for more than three months has not been transferred to Stale Cheque Account amounting to Rs. 58218 (Indian Overseas Bank ANOOPPARA (78001000008798) Rs 48561), Sub Treasury Attingal (799013000000612) - Rs 10557)

8. Closing balance of Literacy Scheme Grant in B 4 Schedule of balance sheet does not agree with the amount recorded in B-17 and RP 40 b Schedules.

9. There is a difference of Rs 458830/- in MGNREGS with respect to the figure in I-6 Schedule ( 53182280/-) and that of I-14 (C) + I-14(F) (52723450/-).

10. Misclassification of receipt voucher. A Receipt of Rs 20,040 collected as Restoration Charges wrongly entered in RP-4 Other Fees

11. Advances paid were not seen regularisedÂÂÂ The festival advance amount disbursed during 2023-24 is not regularised. As per the AFS the amount of festival advance pending regularisation is 83400/- and as per the Advance Register it is 62400/-.

12. The expenditure as per the AFS pertaining to amount received from Muncipal Corporation does not agree with that of Sulekha expenditure statement. Hence there is a difference in closing balance also.

13. Joint Venture Projects amount shown as liability in the balance sheet (B4 schedule, Rs.3875729/-) does not match with the bank account balance (00) opened for the same.

14. Deposit work- Amount given to Kerala Water Authority for various deposit works are not fully included in the AFS. Therefore closing balance of the same does not agree with the actual figures.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്